പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3386

09.04.2013 ലെ മറുപടിയ്ക്ക്

പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമി

ചോദ്യം

ശ്രീ.എം.ഹംസ

ഉത്തരം

ശ്രീ. അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ എത്ര ഭൂമി വിവിധ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | പാലക്കാട് ജില്ലയിൽ ആകെ 16.6879 ഹെക്ടർ ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്. (വ്യക്തികൾക്ക് -0.3298 ഹെക്ടർ, സ്ഥാപനങ്ങൾക്ക് പാട്ടത്തിനു നൽകിയ ഭൂമി-16.3581 ഹെക്ടർ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ പാട്ടക്കരാറും എത്ര കാലത്തേയ്ക്കായിരുന്നു; എന്നാണ് ഒപ്പുവച്ചത് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പാട്ടക്കരാറുകൾ കാലാവധി തീർന്നശേഷവും പുതുക്കാതെ വ്യക്തികൾ/സ്ഥാപനങ്ങൾ കൈവശംവച്ചനുഭവിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യക്തികൾ; എത്ര ഏക്കർ ഭൂമി; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉണ്ട്. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ 0.34 ഏക്കർ ഭൂമി ഇത്തരത്തിൽ തിരിച്ചെടുക്കാനുണ്ട്.<br><br>മൂലത്തറ വില്ലേജിൽ ശ്രീ.രത്നസ്വാമി കൗണ്ടർക്ക് നല്കിയ 0.0121 ഹെക്ടർ ഭൂമിയും, ശ്രീമതി.കലാമണിക്ക് നൽകിയ 0.0101 ഹെക്ടർ പാട്ട ഭൂമിയും പട്ടഞ്ചേരി വില്ലേജിൽ ശ്രീ.ജയരാമനു നല്കിയ 0.1160 ഹെക്ടർ പാട്ടഭൂമിയും.<br><br>ആലത്തൂർ താലൂക്കിലെ എരിമയൂർ വില്ലേജയിലെ 0.0161 ഹെക്ടർ ഭൂമി ആലത്തൂർ മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറിക്ക് പാട്ടത്തിന് നൽകിയത്. |
| (ഡി) | പ്രസ്തുത കരാറുകൾ റദ്ദാക്കി പ്രസ്തുത ഭൂമി സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കാമോ ? | (ഡി) | കാലാവധി അവസാനിച്ച കേസുകളിൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

Kajeem

സെക്ഷൻ ഓഫീസർ